# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.452 12.06.2012 ൽ മറുപടിയ്ക്ക്

## 2011-ലെ സ്കൂൾ ബസ് അപകടങ്ങൾ

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) 2011-ൽ സംസ്ഥാനത്ത് എത്ര സ്കൂൾ ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്; | (എ) | 48 സ്കൂൾ ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എത്ര കുട്ടികൾ ഇതുമൂലം മരണപ്പെട്ടിട്ടുണ്ട്; | (ബി) | 13 കുട്ടികൾ |
| (സി) സ്കൂൾ ബസുകൾക്ക് പെർമിറ്റ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (സി) | 1. 30.01.2012 ലെ സ.ഉ.(പി) നം 03/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ കുട്ടികളെയും വഹിച്ചു കൊണ്ടു പോകുന്ന എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും (മുചക്ര വാഹനങ്ങൾ ഒഴികെ) സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്.<br>2. 10.05.2012 ലെ സ.ഉ.(പി) നം.25/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് പ്രകാരം 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്കൂൾ ബസ്സുകൾക്കുള്ള പെർമിറ്റിൽ നിബന്ധനയായി ചേർത്തിട്ടുണ്ട്.<br>(എ.) സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്നതിനുള്ള വാഹനം വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ "on school duty" എന്ന ബോർഡ് വെളുത്ത പശ്ചാത്തലത്തിൽ നീല നിറത്തിലുള്ള അക്ഷരങ്ങളിൽ എഴുതി വ്യക്തമായി കാണത്തക്കവിധം വാഹനത്തിന്റെ മുൻ-പിൻ ഭാഗങ്ങളിൽ മുകളിലായി പ്രദർശിപ്പിച്ചിരിക്കണം.<br>(ബി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 151-ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഫസ്റ്റ് |

| | | |
|---|---|---|
| | | എയ്ഡ് ബോക്സ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കണം.<br>(സി) സ്കൂൾ കുട്ടികളെകൊണ്ട് പോകുന്ന വാഹനങ്ങളിൽ തിരശ്ചീനമായി ഗ്രില്ലുകൾ ഘടിപ്പിച്ചിരിക്കണം.<br>(ഡി) വാഹനത്തിന് ഫയർ എക്സ്റ്റിൻഗ്വിഷർ സജ്ജീകരിച്ചിരിക്കണം.<br>(ഇ) വാഹനത്തിലെ പ്രധാനപ്പെട്ട ഭാഗത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും, ടെലിഫോൺ നമ്പരും എഴുതി പ്രദർശിപ്പിച്ചിരിക്കണം.<br>(എഫ്) വാഹനത്തിന്റെ ഡോറുകൾ ഉറപ്പുള്ള താഴുകളാൽ സജ്ജീകരിച്ചിരിക്കണം.<br>(ജി) സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്ക് താഴെയായി ആവശ്യത്തിന് സ്ഥലം ഉണ്ടായിരിക്കണം.<br>(എച്ച്) കുട്ടികളെ സഹായിക്കുന്നതിനായി വാഹനത്തിൽ യോഗ്യതയുള്ള ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.<br>(ഐ) വാഹനത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഏതെങ്കിലും ഒരു രക്ഷാകർത്താവ് / മാതാപിതാക്കൾ അല്ലെങ്കിൽ ടീച്ചർ എന്നിവരിലാരെങ്കിലും സ്കൂൾ വാഹനത്തിൽ സഞ്ചരിക്കണം.<br>(ജെ) വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.<br>(കെ) റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല.<br>(എൽ) വാഹനത്തിൽ സഞ്ചരിക്കുന്ന വ്യക്തികളുടെ വിശദവിവരങ്ങൾ വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. സഞ്ചരിക്കുന്ന വ്യക്തികളുടെ പേര്, രക്ഷാകർത്താവിന്റെ പേര്, മേൽ വിലാസം, ടെലിഫോൺ നമ്പർ/ മൊബൈൽ നമ്പർ (ബന്ധപ്പെടുന്നതിനായി) തുടങ്ങിയ വിവരങ്ങൾ |

| | | |
|---|---|---|
| | | ശരിയായ രീതിയിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിൽ സൂക്ഷിച്ചിരിക്കണം.<br>(എം) വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം വിലയിരുത്തുന്നതിനും ജോലിക്കാർ നൽകുന്ന സേവനം തൃപ്തികരമാണോ എന്ന് വിലയിരുത്തുന്നതിനുമായി സ്കൂൾ അധികൃതർ/പാരന്റ് ടീച്ചർ അസോസിയേഷന്റെ ചുമതല വഹിക്കുന്ന വ്യക്തി എന്നിവരിലാരെങ്കിലും വാഹനം മിന്നൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.<br>മേൽ പറഞ്ഞവ കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 09-06-2010 ലെ തീരുമാനത്തിലൂടെ താഴെ പറയുന്നവകൂടി മാനദണ്ഡമായി സ്വീകരിച്ചിട്ടുണ്ട്.<br>(എ) സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന വാഹനത്തിലെ യാത്രക്കാരുടെ എണ്ണം 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 221-ൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനെക്കാളും കൂടുതലാകാൻ പാടുള്ളതല്ല.<br>(ബി) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ ഓരോ കവാടത്തിനും ഡോറുകൾ ഉണ്ടായിരിക്കണം.<br>(സി) ബസ്സിലെ അറ്റൻഡർ കുട്ടികളെ വാഹനത്തിൽ കയറുന്നതിനും, ഇറങ്ങുന്നതിനും, റോഡ് മുറിച്ചുകടക്കുന്നതിനും സഹായി-ക്കേണ്ടതാണ്. |
| (ഡി) സ്കൂൾ ബസുകൾ അപകടത്തിൽപെടുന്നത് തടയുന്നതിനായി കൂടുതൽ കർശന നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മോട്ടോർ വാഹനം, ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സ്കൂൾ കുട്ടികളുടെ യാത്രാസുരക്ഷാ ഉറപ്പാക്കുന്നതിനുള്ള നിയമ നടപടികളും മുൻകരുതലുകളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കൂൾ വാഹനയാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർവാഹന വകുപ്പിന്റെ നേതൃത്വത്തിൽ ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളുടെയും അതിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെയും സുരക്ഷ, സംബന്ധിച്ച് കാലാകാലങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി / സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ |

| | | |
|---|---|---|
| | | വരുത്തുന്നതിനായി പോലീസ്, മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസ്സുകളുടെ ചെക്കിംഗ് കർശനമാക്കിയിട്ടുണ്ട്. റോഡ് ചെക്കിംഗ് കർശനമാക്കുന്നതിന് വേണ്ടി ഗതാഗത വകുപ്പിൽ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ